"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ത്രിതലപഞ്ചായത്തുകളിൽ നിയമനം ലഭിച്ചിട്ടുള്ള പ്രോജക്ട് അസിസ്റ്റന്റുമാരുടെ കരാർ കാലാവധി 2023 ഏപ്രിൽ 1 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് - ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1044/2023/LSGD തീയതി,തിരുവനന്തപുരം, 15-05-2023

---

പരാമർശം:-

1. സ.ഉ.(സാധാ) നം 1846/2021/തസ്വഭവ, തീയതി 24.09.21.
2. സ.ഉ.(സാധാ) നം .485/2022/തസ്വഭവ, തീയതി 28.02.22.
3. സ.ഉ.(സാധാ) നം .814/2022/തസ്വഭവ, തീയതി 31.03.22.
4. പഞ്ചായത്ത് ഡയറക്ടറുടെ 27.03.2022 ലെ PAN/14274/2021/J1(DP) നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ നിർമ്മാണ പ്രവൃത്തികളുടെ ജിയോടാഗിംഗ് നടത്തുന്നതിനും ഗ്രാമ പഞ്ചായത്തുകളുടെ ബില്ലുകൾ ഇ-ഗ്രാമസ്വരാജ് പോർട്ടലിൽ തയ്യാറാക്കുവാൻ ഗ്രാമപഞ്ചായത്തുകളുടെ സെക്രട്ടറിമാരെ സഹായിക്കുന്നതിനുമായി ഓരോ ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്കുപഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും ഒരു പ്രൊജക്ട് അസിസ്റ്റന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പരാമർശം (1), (2),(3) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

2. തദ്ദേശ സ്ഥാപനങ്ങളിൽ നിയമിതരായിട്ടുള്ള പ്രോജക്ട് അസിസ്റ്റന്റുമാരുടെ കാലാവധി 31.03.2023 ന് അവസാനിക്കുകയാണെന്നും 15-ാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് തുക ഉപയോഗിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നിർമാണ പ്രവൃത്തികൾ ഉൾപ്പെടെയുള്ള പദ്ധതികൾ പലതും പൂർത്തീകരണ ഘട്ടത്തിലാണെന്നും ഇത്തരം പദ്ധതികൾ പല ഘട്ടങ്ങളിൽ ജിയോ ടാഗിങ് നടത്തിയെങ്കിൽ മാത്രമേ eGSPi ൽ ബില്ല് ജനറേറ്റ് ചെയ്യാൻ സാധിക്കു എന്നതിനാൽ പ്രോജക്ട് അസിസ്റ്റന്റുമാരുടെ സേവനം ദീർഘിപ്പിച്ചു നൽകണമെന്ന് വിവിധ

തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിരുന്നുവെന്നും പ്രോജക്ട് അസിസ്റ്റന്റുമാരുടെ സേവന മികവ് വിലയിരുത്തിയും, മറ്റ് മേഖലകളിലെ പ്രവർത്തനങ്ങൾക്ക് കൂടി പ്രയോജനപ്രദമായി ഇവരുടെ സേവനം ഉപയോഗിക്കത്തക്ക രീതിയിലും അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഇവരുടെ സേവനം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നത് ഉചിതമായിരിക്കും എന്ന് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനർ അറിയിക്കുകയും ചെയ്തിട്ടുണ്ടെന്നും ആയതിനാൽ ഒരു വർഷത്തേക്ക് കൂടി eGSPI വഴിയുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് അസിസ്റ്റന്റുമാരുടെ സേവനം പഞ്ചായത്ത് ഭരണ സമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് അസിസ്റ്റന്റുമാരുടെ കാലാവധി 2023 ഏപ്രിൽ 1 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും e G S P I വഴിയുള്ള ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിന് പഞ്ചായത്തുകൾക്ക് പ്രോജക്ട് അസിസ്റ്റന്റുമാരുടെ സേവനം ആവശ്യമാണെന്ന വസ്തുത കണക്കിലെടുത്തും പരാമർശം (1),(2)(3) എന്നീ ഉത്തരവുകൾ പ്രകാരം നിയമിതരായ പ്രോജക്ട് അസിസ്റ്റന്റുമാരുടെ കാലാവധി ചുവടെ ചേർക്കുന്ന നിബന്ധനങ്ങൾക്ക് വിധേയമായി 2023 ഏപ്രിൽ1 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i . ദിവസവേതന/കരാർ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് ധനവകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.

ii. ഭാവിയിൽ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള യാതൊരുവിധ അവകാശവും കരാർ ജീവനക്കാർക്ക് ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധന കരാറിൽ ഉൾപ്പെടുത്തേണ്ടതും, സ്ഥിരപ്പെടുത്തുന്നതിനുള്ള അവകാശവാദം ഉന്നയിക്കുകയില്ല എന്ന സത്യവാങ്മൂലം ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും വാങ്ങേണ്ടതുമാണ്.

iii. കരാർ കാലാവധി നീട്ടിനൽകുന്നതിന് അനുമതി ഉത്തരവിൽ നീട്ടി അനുവദിക്കുന്ന കാലയളവ് (dd/mm/yy to dd/mm/yy) കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

iv. ഓരോ കരാർ ജീവനക്കാരന്റെയും കരാർ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ആവശ്യമായ സർവ്വീസ് ബ്രേക്ക് നിർബന്ധമായും നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
4. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസന ഡയറക്ടർ മുഖേന)
5. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
8. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
9. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യാക്ഷന്മാർക്കും
10. എല്ലാ ജില്ലാകളക്ടർമാർക്കും
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർക്കാർക്കും
12. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
13. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
14. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

17. ഡയറക്ടർ ജനറൽ, കില

18. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

20. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 16-05-2025 10:56:32